പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2136 | 07/03/2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മാവേലിക്കര ജില്ലാ ആശുപത്രി ഒ.പി.ബ്ലോക്ക്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ആർ. രാജേഷ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മാവേലിക്കര ജില്ലാ ആശുപത്രിയുടെ പുതിയ ഒ.പി.ബ്ലോക്കിന് 62 കോടി രൂപയുടെ ഒ.പി.ആർ. കിഫ്ബിയിലേക്ക് നൽകിയിട്ടുണ്ടോ; എത്രയും വേഗത്തിൽ ഈ ഒ.പി.ആർ.കിഫ്ബിയിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി.ബ്ലോക്കിന് വേണ്ടിയുള്ള 68.25 കോടി രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായതിനു ശേഷം മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| ബി) | നൂറനാട് ലെപ്രസി സാനട്ടോറിയം ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തണമെന്നുള്ള നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി) | നൂറനാട് ലെപ്രസി സാനട്ടോറിയം സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റേയും മെയിൽ / ഫീമെയിൽ വാർഡിന്റെയും നിർമ്മാണ പ്രവർത്തിക്കായി മൊത്തം 4030 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിനുള്ള ആകെ തുകയായ 2352.94 ലക്ഷം രൂപയിൽ 2000 ലക്ഷം രൂപ (85%) നബാർഡ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാനസർക്കാർ വിഹിതമായ 352.94 ലക്ഷം രൂപ ഉപയോഗിച്ചാണ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റേയും മെയിൽ / ഫീമെയിൽ വാർഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ